രക്ഷയുടെ പാതയിൽ-4



4

# ജീവന്റെ നീർച്ചാലുകൾ

**സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി**

പാഠം
1

# ഈശോ ജീവന്റെ ഉറവിടം




ഈശോ ഒരിക്കൽ ശിഷ്യന്മാരോടു പറഞ്ഞു: ഞാൻ സാക്ഷാൽ മുന്തിരിച്ചെടിയും എന്റെ പിതാവ് കൃഷിക്കാരനുമാണ്. എന്റെ ശാഖകളിൽ ഫലം തരാത്തതിനെ അവിടുന്ന് നീക്കിക്കളയുന്നു. എന്നാൽ ഫലം തരുന്നതിനെ കൂടുതൽ കായ്ക്കാനായി അവിടുന്ന് വെട്ടിയൊരുക്കുകയും ചെയ്യുന്നു (യോഹ 15: 1-3).



ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്. ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ, അവൻ ഏറെ ഫലം പുറപ്പെടുവിക്കുന്നു. എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല. എന്നിൽ വസിക്കാത്തവൻ മുറിച്ച ശാഖ പോലെ പുറത്തെറിയപ്പെടുകയും, ഉണങ്ങിപ്പോകുകയും ചെയ്യുന്നു. അത്തരം കമ്പുകൾ ശേഖരിച്ച് തീയിലിട്ട് കത്തിച്ചുകളയുന്നു (യോഹ 15: 5-6).



ഈശോയാണ് മുന്തിരിച്ചെടി; നാം അതിലെ ശാഖകളും. ഈശോയിൽനിന്നാണ് നമുക്ക് ജീവൻ ലഭിക്കുന്നത്. ഈശോയിൽ വിശ്വസിച്ച് അവിടുത്തെ വചനം പാലിക്കുന്നവർക്ക് ദൈവികജീവൻ ലഭിക്കുന്നു; നല്ല ഫലങ്ങൾ പുറപ്പെടുവിക്കുവാൻ കഴിയുന്നു .



ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവൻ ഉാകുവാനും അത് സമൃദ്ധമായി ഉാകുവാനുമാണ് (യോഹ 10:10).

ഈശോ പറഞ്ഞു: ഞാൻ എന്റെ പിതാവിന്റെ വചനങ്ങൾ പാലിച്ചുകൊ് സ്നേഹത്തിൽ നിലനിൽക്കുന്നതുപോലെ നിങ്ങൾ എന്റെ വചനങ്ങൾ പാലിച്ചാൽ എന്റെ സനേഹത്തിൽ നിലനിൽക്കും (യോഹ 15:10).



ജീവന്റെ ഉറവിടമായ ഈശോയോടു നമുക്ക് ചേർന്നുനിൽക്കാം ഈശോയുടെ വചനം അനുസരിച്ചു നമുക്ക് ജീവിക്കാം. ഈശോയെ സ്നേഹിച്ചും ചുറ്റുമുള്ളവർക്കു നന്മചെയ്തും നമുക്ക് ഫലങ്ങൾ പുറപ്പെടുവിക്കാം.





## നമുക്കു പാടാം

എന്നിൽ നിങ്ങൾ നിവസിക്കിൽ

നിവസിക്കും ഞാൻ നിങ്ങളിലും

മുന്തിരിശാഖ തരില്ല ഫലം

ചെടിയിൽ നിന്നും വേർപെട്ടാൽ

നമുക്കു ഭക്തിപൂർവ്വം
ദൈവവചനം വായിക്കാം

(യോഹ. 15:1-10)



# നമുക്കു പ്രാർത്ഥിക്കാം

ഞങ്ങൾക്ക് ദൈവികജീവൻ പകർന്നുതന്ന ഞങ്ങളുടെ നല്ല ഈശോയേ, എപ്പോഴും അങ്ങയോട് ചേർന്നുനിന്നുകൊ് നന്മയുടെ ഫലങ്ങൾ പുറപ്പെടുവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

## ഓർമ്മിക്കാൻ ഒരു തിരുവചനം

**ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്.**
**ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ**
**അവൻ ഏറെ ഫലം പുറപ്പെടുവിക്കുന്നു**

(യോഹ 15:5).

# എന്റെ തീരുമാനം

**ഞാൻ ഈശോയെ സ്നേഹിക്കും;**

**അവിടുത്തെ വചനങ്ങൾ പാലിച്ചുകൊു ജീവിക്കും.**

# നമുക്കു ആടാം പാടാം



തായ്തിനോടു ചേർന്നുനിന്നാൽ
ശാഖയിൽ ജീവരസമൊഴുകും
തായ്തിൽ നിന്നുമകന്നുപോയാൽ
ജീവൻ നശിച്ചതു വാടിവീഴും
മുന്തിരിവല്ലിയാം ഈശോയോട്
ചേർന്നു നിന്നാൽ നാഥൻ ജീവനേകും
ഈശോതൻ വചനങ്ങൾ പാലിച്ചെന്നാൽ
ഈശോയോടെപ്പോഴും ചേർന്നുനിൽക്കാം
ഈശോയേ ഞാനങ്ങേ സ്നേഹിച്ചീടും
നിൻവചസ്സെന്നും ഞാൻ പാലിച്ചീടും
തെല്ലുമകന്നു ഞാൻ പോയിടാതെ
ഈശോയേ നീയെന്നെ കാത്തിടേണേ.

Thank you